**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **24-06-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളുടെ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ഭാഗമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായ സർവ്വേയർമാർ ഇല്ലാത്ത അവസ്ഥയിൽ, കുട്ടോത്ത്- അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുന്നത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | കുട്ടോത്ത്-അട്ടക്കുണ്ട് കടവ് സർവ്വെ ജോലികൾ കൊയിലാണ്ടി എൽ എ (ജനറൽ) സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയത്തിൽ പുരോഗമിച്ചു വരുകയാണ്. നിലവിൽ ഈ കാര്യാലയത്തിൽ സർവ്വയർമാരുടെ അഭാവം പരിഹരിക്കുന്നതിനായി കൂടുതൽ സർവ്വയർമാരെ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് പൊന്നും വില അധികാരി കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് കിഫ്ബിയുടെ ജില്ലാ ഓഫീസിൽ നിന്നും സർവ്വേയർമാരെ നിയോഗിക്കുമോ; | (ബി) | നിലവിൽ കിഫ്ബിയുടെ കോഴിക്കോട് ജില്ലാ പൊന്നും വില കാര്യാലയത്തിൽ സർവെയർമാരുടെ കുറവുണ്ടെങ്കിലും ടി കാര്യാലയത്തിൽ നിന്നും സർവെയർമാരെ ഈ പദ്ധതിക്കായി നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ 19(1) നോട്ടിഫിക്കേഷൻ എന്നാണ് പുറപ്പെടുവിക്കുവാൻ സാധിക്കുക എന്ന് അറിയിക്കാമോ? | (സി) | 15/01/2025 ഓട് കൂടി മാത്രമേ കരട് വിശദ വില നിർണയ പട്ടിക (DVS) തയ്യാറാക്കാൻ സാധിക്കുകയുള്ളൂ എന്ന് പൊന്നുംവില അധികാരി അറിയിച്ചിട്ടുണ്ട് . DVS ജില്ലാ കളക്ടർ അംഗീകരിച്ചതിനു ശേഷം മാത്രമേ 19 (1) പ്രഖ്യാപനം നടത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ